(ബി) സ്ഫോടനത്തിനുള്ള ഗൂഢാലോചന നടന്നത് എവിടെനിന്നാണെന്നും ആരെല്ലാമാണതിൽ പങ്കാളികളായതെന്നും അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ആരുടെ നേതൃത്വത്തിൽ ആരെല്ലാമടങ്ങിയ സംഘമാണ് അന്വേഷണം നടത്തുന്നത് എന്നും സംഘത്തിൽപ്പെട്ടവർ ഇപ്പോൾ എവിടെയെല്ലാം ജോലി നോക്കി വരുന്നു എന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കേസ് സംബന്ധിച്ച കുറ്റപത്രം എന്നത്തേയ്ക്ക് കോടതിയിൽ സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നരിക്കാട്ടേരിയിൽ നടന്ന സ്ഫോടനവുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 48/CR/11(നാദാപുരം PS Crime No.116/11) കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുള്ളതും കുറ്റപത്രം തയ്യാറാക്കിവരുന്നതുമാണ്. സ്ഫോടനത്തിൽ 5 പേർ മരണപ്പെട്ടു.

(ബി) ദുബായിലും നാദാപുരത്തും വച്ചാണ് ഗൂഢാലോചന നടന്നത്. ഗൂഢാലോചനയിൽ ആരെല്ലാം പങ്കാളികളായി എന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതാണ്. പ്രതികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കിവരികയാണ്.

(സി) ക്രൈംബ്രാഞ്ച് HHW-III, കോഴിക്കോട് യൂണിറ്റിലെ റൂറൽ വിംഗിലെ ഡിറ്റക്ടീവ് ഇൻസ്പെകടറുടെ (എം. കെ. കീർത്തി ബാബു) നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷണം നടത്തുന്നത്.

(ഡി) കുറ്റപത്രം ഉടൻതന്നെ കോടതിയിൽ സമർപ്പിക്കുന്നതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ പീഡനനിരോധന നിയമപ്രകാരമുള്ള കേസുകൾ

192 (197) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ;

(ബി) ഇത്തരം കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിലുള്ള കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3,579 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസുകളിന്മേൽ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഉടൻതന്നെ കുറ്റപത്രം കോടതിക്ക് സമർപ്പിച്ചുവരുന്നുണ്ട്.

കാസർഗോഡ് ആയിറ്റി തീരദേശ പോലീസ് സ്റ്റേഷൻ

193 (198) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ "ആയിറ്റി"യിൽ അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷൻ നാളിതുവരെയായും പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ആയിറ്റിയിൽ അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷന് വേണ്ടി ഹോസ്ദുർഗ് താലൂക്കിലെ തൃക്കരിപ്പൂർ കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ അംഗബലം അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത അംഗബലം അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സ്മാർട്ട് പോലീസ് സ്റ്റേഷൻ

194 (199) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്മാർട്ട് പോലീസ് സ്റ്റേഷൻ പദ്ധതിയും അതു ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ ആദ്യ സ്മാർട്ട് പോലീസ് സ്റ്റേഷൻ മലപ്പുറത്ത് ആരംഭിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly